"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ താനൂർ എസ്.എം.യു.പി സ്കൂൾ മാനേജർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C)29362/14 മ്മേലുള്ള സിവിൽ അപ്പീൽ CA 3788/17 ലെ ബഹു:സുപ്രീം കോടതിയുടെ 27/02/2025 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2372/2025/GEDN തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം 5354/12/പൊ.വി.വ തീയതി 08/11/2012

2. SLP(C)29362/14 മ്മേലുള്ള സിവിൽ അപ്പീൽ CA 3788/17 ലെ ബഹു:സുപ്രീം കോടതിയുടെ 27/02/2025 ലെ വിധിന്യായം

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ താനൂർ എസ്.എം.യു.പി സ്കൂളിൽ ജൂനിയർ ഹിന്ദി ടീച്ചറായി ശ്രീ എം നൌഷാദിനെ മാനേജർ 13/06/2007 ൽ നിയമിച്ചിരുന്നു. ടിയാനെ 27/03/2009 ലെ ഉത്തരവ് പ്രകാരം മാനേജർ 15 ദിവസത്തേക്ക് സസ്പെൻഡ് ചെയ്യുകയും പ്രാഥമികാന്വേഷണത്തിനു ശേഷം താനൂർ എ.ഇ.ഒ മേൽ സസ്പെൻഷൻ 15/04/2009 ന് റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. ഇതിനെതിരെ മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും 26/09/2009 ലെ ഉത്തരവ് പ്രകാരം സർക്കാർ താനൂർ എ.ഇ.ഒ യുടെ ഉത്തരവ് റദ്ദ് ചെയ്യുകയും ഈ വിഷയത്തിൽ KER Chapter XIV-Aയിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഔപചാരിക അന്വേഷണം നടത്തുന്നതിന് താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.

2)ശ്രീ നൗഷാദിന് മാനേജർ 29/02/2009 ന് കുറ്റപത്രം നൽകുകയും ആയതിന് ടിയാൻ 06/04/2009 ന് മറുപടി നൽകുകയുമുണ്ടായി. തുടർന്ന് താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 05/11/2009 ന് ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുകയും അതേതുടർന്ന് മാനേജർ

16/11/2009 ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ നൗഷാദ് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മാനേജർ 19/02/2010 ലെ ഉത്തരവ് പ്രകാരം ടിയാനെ 01.01.2008 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തു. മാനേജരുടെ മേൽ ഉത്തരവിനെതിരെ ശ്രീ നൗഷാദ് മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്കു സമർപ്പിച്ച അപ്പീലിന്മേലുള്ള തീരുമാനം ത്ൃപ്തികരമല്ലാത്തതിനാൽ ടിയാൻ സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും ആയത് പരിശോധിച്ച സർക്കാർ ടിയാന്റെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവിടുകയുമുണ്ടായി.

3)എന്നാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/11/2009 ലെ അന്വേഷണ റിപ്പോർട്ട് ചട്ടപ്രകാരമല്ലെന്ന് വാദിച്ച് ശ്രീ നൗഷാദ് ബഹു ഹൈക്കോടതിയിൽ WP(C)30831/2012 ഫയൽ ചെയ്യുകയും മേൽ റിട്ട് പെറ്റീഷനിലെ വിധിന്യായ പ്രകാരം പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്യുകയും ശ്രീ നൗഷാദിനെ സേവനത്തിൽ തിരിച്ചെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തിരുന്നു. മേൽ ഉത്തരവിനെതിരെ മാനേജർ WA 971/2013 ഫയൽ ചെയ്യുകയും ആയതിൽ ബഹു ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് സിംഗിൾ ബഞ്ച് ഉത്തരവ് ശരി വെക്കുകയും ചെയ്തു.

4) ഇതിനെതിരെ മാനേജർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C)29362/14 ലെ CA 3788/17 ലെ ബഹു:സുപ്രീം കോടതിയുടെ പരാമർശം (2) വിധിന്യായത്തിൽ ശ്രീ നൗഷാദിനെ സർവീസിൽ പുനപ്രവേശിപ്പിച്ച് ടിയാന്റെ മുൻകാല വേതനത്തിന്റെ 50% നാല് ആഴ്ചക്കകം അനുവദിക്കുന്നതിന് ഉത്തരവായിരുന്നു

5)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മലപ്പുറം ജില്ലയിലെ താനൂർ എസ്.എം.യു.പി സ്കൂൾ മാനേജർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C)29362/14 ന്മേലുള്ള സിവിൽ അപ്പീൽ CA 3788/17 ലെ ബഹു:സുപ്രീം കോടതിയുടെ പരാമർശം (2) വിധിന്യായം പാലിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമലത സി കെ

ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മാനേജർ, എസ്.എം.യു.പി സ്കൂൾ, താനൂർ, മലപ്പുറം

ശ്രീ നൌഷാദ് എം, ഹിന്ദി ടീച്ചർ.  എസ്.എം.യു.പി സ്കൂൾ, താനൂർ, മലപ്പുറം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,താനൂർ
അഡ്വക്കേറ്റ് ജനറൽ,എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൌണ്ടൻറ് ജനറൽ (ഓഡിറ്റ്/A&E) തിരുവനന്തപുരം
വെബ് ന്യൂ മീഡിയ/കൈറ്റ്സ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 01-04-2025 11:50:43
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്